പി. എസ്. സി. റാങ്ക് ലിസ്റ്റിലെ അംഗസംഖ്യ സംബന്ധിച്ച മാനദണ്ഡം

26 [26] ശ്രീമതി മാലേത്ത് സരളാദേവി:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. പി. ജെ. ജോയി:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗാർത്ഥികളെ നിയമനത്തിനായി തെരഞ്ഞെടുത്തുകൊണ്ടുള്ള റാങ്ക് ലിസ്റ്റിൽ ചുരുങ്ങിയത് എത്രപേരുണ്ടായിരിക്കണമെന്നത് സംബന്ധിച്ച എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ;

(ബി) എങ്കിൽ അതെന്തെന്ന് വ്യക്തമാക്കുമോ;

(സി) മാർഗ്ഗനിർദ്ദേശമില്ലാത്തപക്ഷം അതിന് എന്തെങ്കിലും കീഴ്വഴക്കം ഉണ്ടായിരുന്നുവോ; എങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ; ഈ കീഴ്വഴക്കത്തിൽ സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു;

(ഡി) ഈ മാർഗ്ഗനിർദ്ദേശങ്ങളെ ലംഘിക്കുവാൻ പി. എസ്.സി.-ക്ക് അധികാരമുണ്ടോ; എങ്കിൽ അതിന് സ്വീകരിക്കേണ്ട നടപടിക്രമമെന്താണ്;

(ഇ) പുതിയ മാർഗ്ഗനിർദ്ദേശമുണ്ടാക്കുകയോ കീഴ്വഴക്കം സൃഷ്ടിക്കുകയോ ചെയ്യുമ്പോൾ അത് ബഹുജനങ്ങളുടെ അറിവിനായി പ്രസിദ്ധീകരിക്കേണ്ടതുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) പി. എസ്. സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

എൽ ഡി. ക്ളാർക്ക് പരീക്ഷയിലെ ക്രമക്കേടുകൾ

27 [27] ശ്രീ. എം. മുരളി:

ശ്രീമതി സാവിത്രി ലക്ഷ്മണൻ:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ൽ പി. എസ്. സി. നടത്തിയ എൽ. ഡി. ക്ലാർക്ക് പരീക്ഷയിൽ ഏതെല്ലാം ജില്ലകളിൽ ക്രമക്കേടുകൾ നടന്നതായി ക്രൈംബ്രാഞ്ച് കണ്ടെത്തി;

(ബി) ക്രമക്കേടുകളെപ്പറ്റി കൂടുതൽ അന്വേഷണം നടത്തുന്നതിനുവേണ്ട രേഖകൾ ഏതെല്ലാം ജില്ലകളെ സംബന്ധിച്ചവയാണ് ക്രൈംബ്രാഞ്ച് പി. എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly